CYAN MAGENTA YELLOW BLACK

പേജ് 16 വില 7.00

# പ്രതിച്ഛായ

www.pratichaya.com

●വാല്യം 2 ●ലക്കം 50 ● എല്ലാ ബുധനാഴ്ചയും പ്രസിദ്ധീകരിക്കുന്നു ● 2 സെപ്റ്റംബർ 2009

# തിരുവോണം
## സമൃദ്ധിയുടെ നിത്യഹരിതപ്രതീകം

കെ.കെ. രാമകൃഷ്ണൻ

**കാ**ണം വിറ്റും ഓണമുണ്ണണം എന്നാണു പഴമൊഴി. അതിന്റെ പിന്നിൽ ഒരു സാമൂഹിക മനശ്ശാസ്ത്രതത്ത്വമുണ്ട്-അധ്വാനിക്കുന്നതു സമ്പാദിക്കാൻ മാത്രമല്ല ആഹ്ളാദപൂർവം ഭക്ഷിക്കാൻ വേണ്ടിക്കൂടിയാണ്.

അതു പലപ്പോഴും ചിലർ മറന്നുപോകുന്നു. അവർ മുണ്ടു മുറുക്കിയുടുത്തു വയറിന്റെ വ്യാപ്തം കുറയ്ക്കുന്നു. കോന്തല നീട്ടിവലിച്ചു മടിശ്ശീല വലുതാക്കുന്നു. ഇതു വേണ്ടെന്നല്ല. പക്ഷേ ചിലപ്പോളെങ്കിലും അക്കാര്യം മറക്കണം. മടിയിൽ കനമില്ലെങ്കിലും വയറുവിശക്കരുത്. അത്തരമൊരു ദിവസമാണു തിരുവോണത്തിന്റേത്. സമൃദ്ധി സ്വപ്നം കാണുന്ന സമൂഹമനസ്സ് ഭൂതകാലത്തിൽ നിന്നു കണ്ടെടുത്ത സമൃദ്ധിയുടെ ശാശ്വത പ്രതീകം.

>> 2




*മുഖപ്രസംഗം*
കേരളം പകർച്ചവ്യാധികളുടെയും വിലക്കയറ്റത്തിന്റെയും ഭീഷണിയിൽ 2

*നാട്ടുപെരുമ*
ഗുരുവായൂർ ക്ഷേത്രത്തിലെ പ്രധാന വഴിപാടുകൾ
ശശീന്ദ്രൻ കുണ്ടുവാറ 4

*രാഷ്ട്രീയകേരളം*
ഭരണം തീരാറായപ്പോൾ ഭരിക്കാൻ നയരേഖ
സാബു ജോൺ 5

*ജനപക്ഷം*
വേറിട്ട വയനാട് വേറെ വഴിതേടുന്നു
കെ.ജെ.ദേവസ്യാ 6

*ചുവരെഴുത്തുകൾ*
പരിഭവിക്കണ്ട ജീസു; ഇത് ദൈവനിയോഗമാണ്
ശ്വേതകേതു 7

*ഫ്ളാഷ്ബാക്ക്*
പ്രസിഡണ്ടുമൊത്ത് ഒരു ഫോട്ടോ
തേക്കിൻകാട് ജോസഫ് 10

പതിമൂന്നാം പേജ്
നാരദൻ
മൊഴിയും മറുമൊഴിയും
ചാണക്യൻ 13

*പുനരാഖ്യാനം*
മഹാഭാരതം
സവ്യസാചി 14

ന്യൂസ് ഡയറി
പി.ആർ. 15

**കാർഷികമേഖലയ്ക്ക് പ്രഹരമേല്പിക്കുന്ന കരാർ പുന:പരിശോധിക്കണം**
കെ. എം. മാണി
3

## പാലാഴി ടയേഴ്സ്
# കെ. എം. മാണിയുടെ കരങ്ങൾ ശുദ്ധമെന്നു വിജിലൻസ് റിപ്പോർട്ട്



**കേ**രളാ കോൺഗ്രസ് (എം) ലീഡർ കെ.എം.മാണിയെ ഇല്ലാത്ത കേസിൽ കുരുക്കാനുള്ള രാഷ്ട്രീയ ശത്രുക്കളുടെ വ്യാമോഹങ്ങൾക്കു വീണ്ടും കനത്ത തിരിച്ചടി. പാലാഴി ടയേഴ്സുമായി ബന്ധപ്പെടുത്തി ഉണ്ടായ അഴിമതിയാരോപണത്തിൽ കെ.എം.മാണി കുറ്റക്കാരനല്ലെന്ന് വിജിലൻസ് റിപ്പോർട്ടു നല്കി.

ഓരോ തെരഞ്ഞെടുപ്പു വരുമ്പോഴും പാലാഴി ടയേഴ്സിന്റെ പേരുപറഞ്ഞ് ആരോപണങ്ങൾ ഉന്നയിക്കുക ചിലർക്കൊരു പതിവു രോഗമായിട്ടുണ്ട്. ഇത്തവണ പാർലമെണ്ടു തെരഞ്ഞെടുപ്പിലും സ്ഥിരം നാടകം ആവർത്തിച്ചു. കുറെയേറെ വാറോലകൾ ഇറങ്ങി. വാൾ പോസ്റ്ററുകൾ അച്ചടിച്ച് നാട്ടിലെ കുറെ മതിലുകളും ഭിത്തികളും മലിനമാക്കി. പക്ഷേ, ജനങ്ങൾ അതു മുഖവിലയ്ക്കെടുക്കാൻ പോലും തയ്യാറായില്ലെന്ന കാര്യം പാർലമെണ്ടു തെരഞ്ഞെടുപ്പുഫലം തെളിയിച്ചു.

ഒരു കാലത്തു കെ.എം.മാണിയോടൊപ്പം നിന്ന് പ്രവർത്തിക്കുകയും സ്ഥാനമാനങ്ങൾ നേടുകയും ചെയ്തവരാണ് പതിവുപോലെ ഇത്തവണയും ആരോപണങ്ങൾക്കു പിന്നിലുണ്ടായിരുന്നത്. കെ.എം. മാണിക്കു പുറമേ പി.കെ.നാരായണപ്പണിക്കർ, സഹകരണ ബാങ്ക് മുൻ പ്രസിഡണ്ട് കെ.ആർ.അരവിന്ദാക്ഷൻ, ജോയി ഏബ്രഹാം എക്സ് എംഎൽഎ, കെ.ജെ.ഫിലിപ്പ് കുഴികുളം, കെ.ജെ.ജെയിംസ് എന്നിവർക്കെതിരെയും കൂടിയായിരുന്നു അന്വേഷണം.

കിഴതടിയൂർ സർവീസ് സഹകരണ ബാങ്ക് പ്രസിഡണ്ട് ജോർജ് സി.കാപ്പൻ ആഭ്യന്തര മന്ത്രിക്കു നല്കിയ നിവേദനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു വിജിലൻസ് അന്വേഷണം. കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടയർ ഫാക്ടറി വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഭീമമായ തുക ഓഹരിയായി പിരിച്ച ശേഷം ദുർവിനിയോഗം ചെയ്തുവെന്നായിരുന്നു പരാതി. മാതൃസംഘത്തിന് 50 ലക്ഷം രൂപ സർക്കാർ ധനസഹായവും അനുവദിച്ചിരുന്നു. ഓഹരി ഉടമകളുടെ യോഗം യഥാസമയം ചേർന്നില്ല, ലാഭവിഹിതം നല്കിയില്ല എന്ന ആരോപണങ്ങളും ഉയർന്നിരുന്നു.

സംസ്ഥാന സഹകരണ ബാങ്ക് 3.93 കോടിയാണ് പാലാഴി ടയേഴ്സിന് വായ്പ അനുവദിച്ചത്. എന്നാൽ 32.77 ലക്ഷം രൂപ മാത്രമാണ് പിൻവലിച്ചത്. ഇതിൽനിന്നും ചെറിയ ഒരു വിഹിതമേ ചെലവഴിച്ചുള്ളൂ. സർക്കാർ അനുവദിച്ച 50 ലക്ഷം രൂപ വിശദമായ പദ്ധതിരേഖ നല്കാഞ്ഞതിനാൽ ഉപയോഗിക്കാനായില്ല. തുടർന്ന് 78.55 ലക്ഷം രൂപ ഓഹരി വിഹിതമായി സമാഹരിക്കുകയായിരുന്നു. ഫാക്ടറിക്കായി 30.16 ഏക്കർ സ്ഥലവും സമ്പാദിച്ചു. പല കാരണങ്ങളാലും ഫാക്ടറിയുടെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാനായില്ല. ഫാക്ടറിക്കായി 7.52 ഏക്കർ സ്ഥലം വലവൂരിൽ വാങ്ങിയെങ്കിലും പ്രദേശവാസികളുടെ എതിർപ്പുമൂലം പ്രവർത്തനം നടന്നില്ല.

കമ്പനിക്ക് ഇപ്പോഴുള്ള ബാധ്യത ഉടമസ്ഥതയിലുള്ള സ്ഥലം വിറ്റാൽ തന്നെ തീർക്കാവുന്നതേയുള്ളൂവെന്ന് വിജിലൻസ് റിപ്പോർട്ടിൽ പറയുന്നു. പാലാഴിയുമായി ബന്ധപ്പെട്ട് അഴിമതി നടന്നതായി കരുതാനാകില്ലെന്നും വിജിലൻസ് റിപ്പോർട്ടിൽ അസന്ദിഗ്ദ്ധമായി പറയുന്നുണ്ട്.

CYAN MAGENTA YELLOW BLACK

പ്രതിച്ഛായ
രാഷ്ട്രീയ സാംസ്കാരിക വാർത്താവാരിക
വാല്യം 2 ലക്കം 50
2 സെപ്റ്റംബർ 2009
ചീഫ് എഡിറ്റർ: പ്രൊഫ. ഡോ. കുര്യാസ് കുമ്പളക്കുഴി

*ഗവൺമെണ്ട് ഒരു ട്രസ്റ്റാണ്; ഗവൺമെണ്ടുദ്യോഗസ്ഥർ ട്രസ്റ്റികളും. ഈ ട്രസ്റ്റും ട്രസ്റ്റികളും ജനക്ഷേമം മുൻനിർത്തി പ്രവർത്തിക്കേണ്ടവരുമാണ്.*

*– ഹെൻറി ക്ലേ*

# കേരളം പകർച്ചവ്യാധികളുടെയും വിലക്കയറ്റത്തിന്റെയും ഭീഷണിയിൽ

> **വിഭാഗീയതകളെപ്പറ്റിയുള്ള ചർച്ചകളും അവയ്ക്കു പരിഹാരം കണ്ടെത്തലും രാഷ്ട്രീയപാർട്ടികളുടെ ആഭ്യന്തര കാര്യം. പക്ഷേ, അതു മുടങ്ങാതെ നടക്കുന്നതിനിടയിൽ പുറത്തു വെയിലും മഴയുംകൊണ്ട് പണിയെടുത്തു കുടുംബം പോറ്റുന്ന പാവപ്പെട്ടവരുടെ കാര്യം മറക്കാമോ?**

കേരളജനത മുഴുവൻ പനിഭീതിയിലാണ്; ഒപ്പം വിലക്കയറ്റ ഭീഷണിയിലും. ഈ രണ്ടുവിപത്തുകളെയും നേരിടാൻ സുസജ്ജമാകേണ്ട സംസ്ഥാന ഗവൺമെണ്ട് ഇതിനെക്കാൾ രൂക്ഷമായ ആഭ്യന്തരഭീതികൾക്കു മുന്നിൽ വിറപൂണ്ടു നില്ക്കുന്നു.

മന്ത്രിമാരുടെ എണ്ണം വർധിപ്പിക്കലും മന്ത്രിമാരെ മാറ്റിപ്രതിഷ്ഠിക്കലും അനാവശ്യമാണെന്നു പറയുന്നില്ല. പക്ഷേ, രോഗങ്ങളുടെയും വിഭവദൗർലഭ്യത്തിന്റെയും വിലക്കയറ്റത്തിന്റെയും ഭീഷണികൾ ഡാമോക്ലീസിന്റെ വാളുപോലെ തലയ്ക്കുമുകളിൽ തൂങ്ങി നില്ക്കുമ്പോൾ വിരുന്നു കഴിക്കുന്നവരുടെ തല പരിശോധിക്കണമെന്ന് ആരെങ്കിലും ആക്ഷേപിച്ചാൽ അതു രാഷ്ട്രീയവിരോധം കൊണ്ടാണെന്നു പറഞ്ഞു രക്ഷപ്പെടാനാവുമോ?

ഭരണസിരാകേന്ദ്രമായ എ.കെ.ജി. സെന്ററിൽ നിരന്തരം അരങ്ങേറുന്ന പാർട്ടിയോഗങ്ങളും മുന്നണി യോഗങ്ങളും ഒഴിവാക്കാൻ പറ്റാത്തതായിരിക്കാം. പക്ഷേ, അതിൽ പങ്കെടുക്കുന്നതിനിടയിൽ മന്ത്രിമാർ ഭരണച്ചുമതല വിസ്മരിക്കാമോ? വിഭാഗീയതകളെപ്പറ്റിയുള്ള ചർച്ചകളും അവയ്ക്കു പരിഹാരം കണ്ടെത്തലും രാഷ്ട്രീയപാർട്ടികളുടെ ആഭ്യന്തര കാര്യം. പക്ഷേ, അതു മുടങ്ങാതെ നടക്കുന്നതിനിടയിൽ പുറത്തു വെയിലും മഴയുംകൊണ്ട് പണിയെടുത്തു കുടുംബം പോറ്റുന്ന പാവപ്പെട്ടവരുടെ കാര്യം മറക്കാമോ?

കേരളത്തിലെ അറുപത്തഞ്ചുലക്ഷം വരുന്ന കുടുംബങ്ങളിൽ സാമ്പത്തിക സ്വയംപര്യാപ്തതയുള്ളവ എത്രയുണ്ട്? ബിപിഎല്ലിന്റെയും എപിഎല്ലിന്റെയും കണക്കുകളല്ല പ്രമാണം. അനുദിന ജീവിതത്തിൽ നമ്മൾ കാണുന്ന ദൃശ്യങ്ങൾ ജനജീവിതത്തെ സംബന്ധിച്ച നമ്മുടെ ധാരണകൾ മാറ്റിമറിക്കുകയാണ്. ഇത്തിരി വിലക്കുറവിന്റെ പേരിൽ, കേരളത്തിൽ പലയിടത്തും തുറന്നിരിക്കുന്ന സഹകരണ വിപണനസ്റ്റാളുകളുടെയും മാവേലി സ്റ്റോറുകളുടെയും സിവിൽ സപ്ലൈസ് സ്റ്റാളുകളുടെയും മുന്നിൽ റേഷൻകാർഡും സഞ്ചിയും പിടിച്ചു ക്യൂവിൽ നില്ക്കുന്ന പാവപ്പെട്ട മനുഷ്യർ നമുക്കു പറഞ്ഞുതരുന്ന പാഠം ഹൃദയഭേദകമാണ്.

ഭക്ഷ്യധാന്യങ്ങളുടെയും പച്ചക്കറികളുടെയും വില കുതിച്ചുയരുകയാണ്. അതു നിയന്ത്രിക്കാൻ സർക്കാർ നടത്തുന്ന ശ്രമങ്ങളൊന്നും ഫലപ്രദമാകുന്നില്ല. തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ കുറഞ്ഞ വിലയ്ക്കു കുറേ സാധനങ്ങൾ വിതരണം ചെയ്തതുകൊണ്ടുമാത്രം കാര്യമായില്ല. സർക്കാർ നടത്തുന്ന ഇത്തരം വിപണന മേളകൾ പൊതുഖജനാവിനു വൻ നഷ്ടമുണ്ടാക്കി വയ്ക്കുന്നതു പതിവനുഭവമല്ലേ?

എവിടെ നിന്നെങ്കിലും കുറെ പയറും അരിയും പച്ചക്കറികളും കൊണ്ടുവന്നു വിതരണം ചെയ്യുന്നതുകൊണ്ടുമാത്രം ജനങ്ങളെ ആശ്വസിപ്പിക്കാനാവില്ല. അത്തരത്തിൽ ജനങ്ങളുടെ ആവശ്യം നിറവേറ്റാൻ ഒരു സർക്കാരിനും കഴിയുകയുമില്ല. വിപണിയിൽ വിഭവദൗർലഭ്യമുണ്ടാകാതെ സൂക്ഷിക്കുക എന്നതാണു പ്രധാന കാര്യം. അതിനു പൂഴ്ത്തിവെയ്പ്പും കരിഞ്ചന്തയും മാത്രമല്ല കാരണം. അങ്ങനെ ചെയ്യുന്നവരെ നിർദയം ശിക്ഷിക്കുക തന്നെ വേണം.

വിഭവക്ഷാമം ഉണ്ടാകുമ്പോളാണ് പൂഴ്ത്തിവയ്പും കരിഞ്ചന്തയും സമാന്തരമായി സംഭവിക്കുന്നത്. ഉത്സവകാലങ്ങളിൽ ഉണ്ടാകാവുന്ന അധികഡിമാൻഡ് മുൻകൂട്ടിക്കണ്ട് അന്യസംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രപൂളിൽ നിന്നും മതിയായത്ര ഭക്ഷ്യശേഖരം സംസ്ഥാന വിപണയിൽ എത്തിക്കാൻ സർക്കാരിനു കഴിയണം. സംഭരിച്ചു സൂക്ഷിക്കാൻ സംവിധാനമില്ലാത്ത പച്ചക്കറികൾ ഓപ്പൺ മാർക്കറ്റിൽ സുലഭമാക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കണം. അതിനു സർക്കാർ മെഷീണറിയോടൊപ്പം സഹകരണ പ്രസ്ഥാനങ്ങളും സജീവമായി രംഗത്തിറങ്ങണം.

ആനുപാതികമായി നോക്കുമ്പോൾ അരിവിലയിലാണു വൻവർധന ഉണ്ടാവാത്തത്. അതിന്റെ കാരണം മാർക്കറ്റിലെവിടെയും അരി ലഭ്യമാണെന്നതാണ്. എന്നാൽ പയർ വർഗങ്ങളുടെയും പച്ചക്കറികളുടെയും പഴങ്ങളുടെയും കാര്യം അങ്ങനെയല്ല. അവയ്ക്കു മാർക്കറ്റ് ലഭ്യത കുറഞ്ഞു പോകുന്നു. അതു വിലക്കയറ്റത്തിനിടയാക്കുന്നു.

കേരളീയർ ഉപയോഗിക്കുന്ന പച്ചക്കറികളിൽ സിംഹഭാഗവും അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്നവയാണ്. ഒരു കിലോ പച്ചപ്പയറിനു 40 രൂപയും ഏത്തക്കായ്ക്ക് 36 രൂപയും ഞാലിപ്പൂവൻ പഴത്തിന് 35 രൂപയും പാളയൻ കോടനു 20 രൂപയും വില കയറിയിരിക്കുകയാണ്. ഇതൊന്നും ഇക്കാലത്തു കേരളത്തിന്റെ കൃഷിവിഭവങ്ങളല്ല. ഈ വസ്തുതകൾ മനസ്സിലാക്കിയും മുൻകൂട്ടി കണ്ടും ഗവൺമെണ്ടു മാർക്കറ്റ് ഇടപെടൽ നടത്താതിരുന്നതിന്റെ അനിവാര്യ പ്രത്യാഘാതമാണു കേരള ജനത ഏറ്റുവാങ്ങുന്നത്.

പാർട്ടിയുടെ സംസ്ഥാനസമ്മേളനത്തിന്റെ തിരക്കിൽ പൂർണ ബജറ്റു തയ്യാറാക്കി അവതരിപ്പിക്കാൻ കഴിഞ്ഞില്ലെന്ന അക്ഷന്തവ്യമായ വീഴ്ച, പാർട്ടിപ്രതിബദ്ധതയുടെ മുദ്രയാക്കി മേനിനടിച്ച ഒരു ധനകാര്യമന്ത്രിയാണു നമുക്കുള്ളത്. പാർട്ടിയോടുള്ള കൂറ് ഒരു കാരണവശാലും കുറയ്ക്കാവുന്നതല്ല. പക്ഷേ, ജനങ്ങളോടു കൂറ് അതിനെക്കാൾ വലുതാണെന്നല്ലേ ഒരു ഭരണകൂടം കരുതേണ്ടത്? ആ കരുതലില്ലാതെ പോയതിന്റെ ദുരന്തമാണു കേരള ജനത ഇന്നനുഭവിക്കുന്നത് – പകർച്ചവ്യാധികളുടെയും വിലക്കയറ്റത്തിന്റെയും ഭീഷണികളുടെ രൂപത്തിൽ.

# 1 >> തിരുവോണം സമൃദ്ധിയുടെ നിത്യഹരിതപ്രതീകം

വൈവസ്വത മന്വന്തരത്തിൽ ജീവിച്ചിരുന്ന അസുരചക്രവർത്തിയാണു മഹാബലി. അതെന്നാണെന്നു നമുക്കറിയില്ല. സ്വന്തം രാജ്യം പാതാളം. പക്ഷേ, അസാധാരണമായ മേധാശക്തിയും കായികശക്തിയും കൊണ്ടു ഭൂമിയെ മാത്രമല്ല സ്വർഗത്തെയും കീഴടക്കി.

ഭൂനിവാസികൾ ബലിചക്രവർത്തിയോട് എതിർപ്പു പ്രകടിപ്പിക്കുകയോ അദ്ദേഹത്തിന്റെ ഭരണത്തിനെതിരെ ഒളിപ്പോരു സംഘടിപ്പിക്കുകയോ ചെയ്തില്ല. പക്ഷേ, ദേവന്മാർക്കു സ്വന്തം രാജ്യം നഷ്ടപ്പെട്ടതു സഹിക്കാനായില്ല. അവർ പതിവുപോലെ മഹാവിഷ്ണുവിനെ ശരണം പ്രാപിച്ചു. അദ്ദേഹം സങ്കടനിവൃത്തി വരുത്താമെന്നു സമ്മതിക്കുകയും ചെയ്തു.

അങ്ങനെയാണു വാമനാവതാരം സംഭവിക്കുന്നത്. അച്ഛനും അമ്മയും ആരെന്നറിയില്ല. നാടും വീടും ഏതെന്നറിയില്ല. അത്തരമൊരു അവതാരപുരുഷനായിരുന്നു വാമനൻ. മഹാബലിയുടെ ഭരണത്തിൽ പൂർണ സംതൃപതരായിരുന്നു, ഭൂവാസികളും പാതാളവാസികളും. പാതാളവാസികൾക്കു സന്തോഷമേറും. കാരണം, അവരുടെ രാജാവു ഭൂസ്വർഗങ്ങളെക്കൂടി കീഴടക്കിയിരിക്കുകയാണല്ലൊ.



മാവേലി നാടുവാണീടും കാലം

മാനുഷരെല്ലാരുമൊന്നു പോലെ.

കള്ളവുമില്ല ചതിയുമില്ല

എള്ളോളമില്ല പൊളിവചനം.

എന്നു പേരറിയാത്ത മലയാളകവി പില്ക്കാലത്തു പാടിപ്പോയത് ആദ്യം പറഞ്ഞ സ്വപ്നത്തിന്റെ ഉമ്മറപ്പടിയിലിരുന്നു തന്നെയാണ്.

അത്തരമൊരു കാലം എന്നെങ്കിലുമുണ്ടായിട്ടുണ്ടോ? ഒരു സംശയവുമില്ലാതെ ഇല്ലെന്നു തന്നെ പറയാം. പിന്നെ ഇത്തരം സാക്ഷ്യങ്ങൾക്കെന്തു പ്രസക്തി? അവയെല്ലാം കാല്പനിക സ്വപ്നങ്ങളാണ്.

ധർമത്തിനു ക്ഷയമുണ്ടായാൽ അതു പരിഹരിക്കേണ്ടതു രാജധർമമല്ല ദൈവധർമമാണ്. അതറിയുന്നതു കൊണ്ടാണു ദേവകൾ മഹാവിഷ്ണുവിനെ ശരണം പ്രാപിച്ചതും.

എവിടെ ധർമത്തിനു ക്ഷയവും അധർമത്തിനു സമൃദ്ധിയും ഉണ്ടാവുന്നുണ്ടോ, അവിടെ ധർമസംസ്ഥാപനത്തിനും അധർമനിഗ്രഹത്തിനുമായി ഈശ്വരൻ ഒരു വഴി കണ്ടെത്താതിരിക്കില്ല എന്നതു മറ്റൊരു ലോകതത്ത്വം. അതാണു സംഭവിച്ചതും.

വാമനൻ മഹാബലിയെ കാണാനെത്തുമ്പോൾ അദ്ദേഹം യാഗശാലയിലായിരുന്നു. യാഗങ്ങൾ ഈശ്വര പ്രീതിക്കും പ്രജാക്ഷേമത്തിനും വേണ്ടി രാജാക്കന്മാർ അനുഷ്ഠിക്കുന്ന കർമങ്ങളിലൊന്നാണ്. ദേവലോകം കീഴടക്കി ഇന്ദ്രാദികളെ രാജ്യഭ്രഷ്ടരാക്കിയെങ്കിലും ബലിചക്രവർത്തി ഈശ്വരവിശ്വാസിയായിരുന്നു. (ഇന്നത്തെ ഇടതുപക്ഷമന്ത്രിമാർ, പ്രത്യേകിച്ചു ബേബിയും സുധാകരനുമൊന്നും അന്നുണ്ടായിരുന്നില്ലല്ലൊ!)

ഈശ്വരാനുഗ്രഹം തനിക്കും പ്രജകൾക്കും ആവശ്യമാണെന്നദ്ദേഹത്തിനു ബോധ്യമുണ്ടായിരുന്നു. അതുകൊണ്ടു യാഗാനുഷ്ഠാനത്തിനൊന്നും അദ്ദേഹം യാതൊരു വിഘ്നവും വരുത്തിയിരുന്നില്ല.

ഇത്തരമൊരു സന്ദർഭത്തിലാണു വാമനന്റെ വരവ്. ആ പേരിന്റെ അർത്ഥം തന്നെ പൊക്കം കുറഞ്ഞവൻ, കുഴപ്പക്കാരൻ എന്നൊക്കെയാണ്. ഒരു ബ്രാഹ്മണ ബാലന്റെ വേഷം!

തന്റെ പ്രജകളിലൊരാൾ എന്തെങ്കിലും സഹായാഭ്യർത്ഥനയുമായി വരുന്നു എന്നേ മഹാബലി കരുതിയുള്ളു. ബ്രാഹ്മണകുമാരൻ വന്നു വണങ്ങി നിന്നപ്പോൾ പതിവുപോലെ ചക്രവർത്തി ചോദിച്ചു. എന്തു വേണം?

മറുപടി കേട്ടപ്പോൾ അദ്ദേഹം അമ്പരന്നുപോയി: "അടിയന് ഇരുന്നു തപസ്സുചെയ്യുവാൻ മൂന്നടി ഭൂമി വേണം." അടുത്ത നിമിഷം അമ്പരപ്പു പൊട്ടിച്ചിരിയായി. ത്രിലോക ചക്രവർത്തിയായ നമ്മോട് ഒരു പയ്യൻ വന്നു ചോദിക്കുന്നതു വെറും മൂന്നടിഭൂമി!

പക്ഷേ, ചിരിനിലയ്ക്കുന്നതിനു മുമ്പേ അപകടം മണത്ത കുലഗുരു ശുക്രാചാര്യർ ബലിയുടെ ചെവിയിൽ സ്വകാര്യം പറഞ്ഞു: 'പയ്യൻ കുഴപ്പക്കാരനാണ്, അവന് ഭിക്ഷ കൊടുക്കരുത്.'

മഹാബലി ഒന്നുകൂടി ഉറക്കെച്ചിരിച്ചുകൊണ്ടു കുലഗുരുവിനോടു ചോദിച്ചു: ഈ ചിന്നപ്പയ്യനോ? എനിക്കു കുഴപ്പമോ? ഗുരുവെന്താ സ്വപ്നം കാണുകയാണോ?

ശുക്രാചാര്യരുടെ മറുപടി വരും മുമ്പേ ചക്രവർത്തി വാമനനോടു പറഞ്ഞു: അളന്നെടുത്തോളു.

ദാനം നല്കുന്നതിനു മുമ്പ് ഒരു കർമം കൂടിയുണ്ടായിരുന്നു. വിധിപ്രകാരം ദാതാവു ദാനാർത്ഥിയുടെ കൈയിൽ വെള്ളം വീഴ്ത്തി വാക്കുറപ്പിക്കണം.

ബലി വെള്ളം നിറച്ച കിണ്ടി കൈയിലെടുത്തു. ശുക്രാചാര്യർ ഒരു സാഹസം കൂടി ചെയ്തു. ചക്രവർത്തിയെ രക്ഷിക്കാൻ ഒരു കരടായി കിണ്ടിവാലിൽ കയറിക്കൂടി.

കിണ്ടി ചെരിച്ചിട്ടും ചെരിച്ചിട്ടും വെള്ളം വീഴുന്നില്ല. വാമനനു രഹസ്യം പിടികിട്ടി. ഒരു ദർഭപ്പുല്ലെടുത്തു കിണ്ടിവാലിൽ ഒരു കുത്തുകൊടുത്തു. ഒരു കണ്ണു പൊട്ടി ചോരയൊലിപ്പിച്ചുകൊണ്ടു ശുക്രാചാര്യർ പുറത്തുചാടി. വാമനകോപം ഭയന്ന് ഓടി രക്ഷപെടുന്നതിനിടയിൽ അദ്ദേഹം മഹാബലിക്കു മുന്നറിയിപ്പു നല്കി: 'നീ ഇതിന്റെ ഫലം അനുഭവിക്കും.'

കിണ്ടി വാലിൽ നിന്നു വെള്ളം വാമനന്റെ ഉള്ളം കയ്യിൽ വീണതോടെ വാമനൻ വളർന്നു തുടങ്ങി. ആകാശം മുട്ടെ ഉയരുന്ന അത്ഭുത പുരുഷനെ നോക്കി ബലി വിസ്മയം കൊണ്ടു.

ആദ്യ ചുവടുകൊണ്ടു ഭൂമിയും പാതാളവും രണ്ടാമത്തെ ചുവടുകൊണ്ടു സ്വർഗവും അളന്നു കഴിഞ്ഞു. മൂന്നാമത്തെ ചുവടുവയ്ക്കാൻ സ്ഥലം കാണാതെ വാമനൻ പാദം ഉയർത്തി നിന്നപ്പോൾ മഹാബലി തന്റെ ശിരസ്സ് ആ പാദത്തിനടിയിലേക്കു ചായ്ചു. ഒരു നിമിഷം, മഹാബലി ഭൂമിക്കടിയിൽ അപ്രത്യക്ഷനായി!

തന്നെ ജയിക്കാൻ ആരുമില്ലെന്ന അഹന്തയ്ക്കു ദൈവം നല്കിയ ശിക്ഷയോ? ഗുരുവിന്റെ വാക്കുകൾ ധിക്കരിച്ച ശിഷ്യനു പറ്റിപ്പോയ ഗുരുത്വനഷ്ടമോ?

അതല്ല, ഒരു ദളിത രാജാവിനുമേൽ മറ്റൊരു സവർണ ശക്തി നേടിയ വിജയത്തിന്റെ പ്രതീകാത്മകാവിഷ്കാരമോ? എങ്കിൽ സ്വന്തം രാജ്യമായ പാതാളത്തിലേക്കു മടങ്ങിപ്പോകുക മാത്രമായിരുന്നുവോ, മഹാബലി?

സംശയരഹിതമായി വ്യാഖ്യാനിക്കാനാവാത്തവിധം സങ്കീർണമാണു മഹാബലി പുരാണം. കേരളീയരെ സംബന്ധിച്ചിടത്തോളം അത്തരം വ്യാഖ്യാനങ്ങളൊക്കെ അനാവശ്യം. അവർക്ക് ഓർമ പുതുക്കാൻ ഒരു മഹാനായ ചക്രവർത്തിയുടെ ത്യാഗകഥയുണ്ട്, അതുമതി.

അക്കഥ വർഷം തോറും പുതുക്കാൻ ഓണസദ്യ വേണം, ഓണക്കോടിയും ഓണക്കളിയും വേണം. പൂക്കളവും തിരുവാതിരപ്പാട്ടുകളും വേണം. സമൃദ്ധിയുടെ നിറവസന്തം ഇനിയും വരുമെന്ന പ്രതീക്ഷയ്ക്ക് ഇവയെല്ലാം അകമ്പടിയായിത്തീരുന്നു. ⌘

CYAN MAGENTA YELLOW BLACK

CYAN MAGENTA YELLOW BLACK






**പ്രതിച്ഛായ വായനക്കാർക്ക് 2009ലെ തിരുവോണസമ്മാനം.**
**വായന ഗൗരവമായെടുക്കുന്ന സഹൃദയർക്ക്**
**വിലപ്പെട്ട സാംസ്കാരികോപഹാരം;**
**ഒപ്പം ഒരു റഫറൻസ് ഗ്രന്ഥവും**

- **സി.എൽ. ജോസിന്റെ സമ്പൂർണ നാടകം**
  **– *ചിറകുള്ള നക്ഷത്രം.***
- കെ. സുധാകരന്റെ പൂർണനോവൽ
  **– *ആദ്യരാത്രിക്ക് ആശംസകൾ***
- കുര്യാസിന്റെ കാവ്യനാടകം
  **– *ദഹനബലി***
- പല സാംസ്കാരിക നായകരും അവസരവാദികളാണ്
  – *പ്രശസ്ത സാഹിത്യ സാംസ്കാരിക വിമർശകൻ ഡോ.വി. രാജകൃഷ്ണൻ തുറന്നടിക്കുന്നു*



**ഡോ. ജോഷി വർഗീസും, ഡോ. ജോജി മാടപ്പാട്ടും രാജകൃഷ്ണനുമായി നടത്തുന്ന അഭിമുഖം**

**ചെറുകഥ**

- വാലിന് ആടുവാലാകും കാലം – **സി. രാധാകൃഷ്ണൻ**
- മഴയുടെ ഗൃഹാതുരത്വം – **കെ.എൽ. മോഹനവർമ**
- അദ്രുമാന്റെ പടക്കപ്പൽ – **സെബാസ്റ്റ്യൻ പള്ളിക്കത്തോട്**
- സ്വർഗാരോഹണം – **കിളിരൂർ രാധാകൃഷ്ണൻ**
- മരണച്ചെണ്ട – **പി.സി. എറികാട്**

**കവിത**

- കാലം – **അക്കിത്തം**
- അമ്മവീടുകൾ അസ്തമിച്ചാലും – **ഏഴാച്ചേരി രാമചന്ദ്രൻ**
- അവശേഷത്തിലെ ചില സുവിശേഷങ്ങൾ – **ജോർജ് തോമസ്**
- തീമഴ – **ചേരാവള്ളി ശശി**
- മൂന്നു വാധ്യാർ കവിതകൾ – **കെ.എസ്. റെക്സ്**

**ലേഖനം**

- യഷ്പാൽ ഉപരിവിദ്യാഭ്യാസകമ്മീഷന്റെ ശുപാർശകൾ
  **– പ്രൊഫ. എം.ആർ. ചന്ദ്രശേഖരൻ**
- പ്രാചീനകേരളത്തിലേക്ക് ഒരെത്തിനോട്ടം
  **– വേലായുധൻ പണിക്കശ്ശേരി**
- സർക്കാർ കാര്യം മുറപോലെ – **ഡോ. കെ. ബാബു ജോസഫ്**
- നാടൻകലകൾ പീലിവിടർത്തുന്ന പൊന്നോണക്കാലം
  **– സിപ്പി പള്ളിപ്പുറം**
- അസീസിന്റെ രാമായണം – **പോൾ മണലിൽ**
- പ്രോആക്ടീവ് – **അഡ്വ. ചാർളിപോൾ**
- നാനാത്വത്തിൽ ഏകത്വം ഭാരതദർശനം
  **– അറയ്ക്കൽ ബാലകൃഷ്ണപിള്ള**

**ന്യൂസ് ഡയറി**

- 2008 ജൂലൈ 1 മുതൽ 2009 ജൂൺ 30 വരെയുള്ള പ്രധാനസംഭവങ്ങൾ കേരളം, ദേശീയം, വിദേശം
- പതിനഞ്ചാം ലോകസഭയിലെ എം.പിമാർ, മണ്ഡലം, ഭൂരിപക്ഷം
- **ഡിമൈ 1/4 വലുപ്പം. മുന്നൂറോളം പേജ്.**
- **വില 50 രൂപ മാത്രം.**

## പ്രമുഖ രാഷ്ട്രീയ ചലച്ചിത്ര സാംസ്കാരികനായകരുടെ മറക്കാനാവാത്ത അനുഭവങ്ങൾ



**നന്മ പ്രകാശിക്കുന്ന വിളക്കായി കല്യാണി**
*കെ. കരുണാകരൻ*



**കലാലയവർണങ്ങൾ**
*മമ്മൂട്ടി*



**മറക്കാനാവാത്ത അനുഭവം**
*കെ. എം. മാണി*



**എന്റെ കലാലയം സുവർണകാലം**
*ഉമ്മൻ ചാണ്ടി*



**എന്റെ ക്യൂൻമേരി യാത്ര**
*ലാലു അലക്സ്*



**സർ സിപിയും ഞാനും പിന്നെ മണിസ്വാമിയും**
*ജസ്റ്റിസ് കെ.ടി. തോമസ്*



**കോർട്ട് ഹാളിൽ മുനിസിഫിനെ ചിരിപ്പിച്ച ജൂനിയർ അഭിഭാഷകൻ**
*പി.കെ. നാരായണപണിക്കർ*



**സുന്ദരിയായ മാർഗരറ്റ് താച്ചർ**
*കെ.എം. മാത്യു*



**കേരളാ കോൺഗ്രസ് രൂപീകരണം ഒരോർമ**
*ആർ. ബാലകൃഷ്ണപിള്ള*



**തന്നെ ചമ്മിച്ച എ.കെ**
*കെ.വി. തോമസ്*



**എം.ജി. ആറും ഞാനും**
*അൽഫോൻസ് കണ്ണന്താനം*

*ഓർഗനൈസർമാർ വഴിയും നേരിട്ടും കോപ്പി മുൻകൂർ ബുക്കു ചെയ്യാവുന്നതാണ്. തപാലിൽ വേണ്ടവർ 60 രൂപ അയയ്ക്കുക.*

*ഫിനാൻസ് മാനേജർ*
*പ്രതിച്ഛായ, പാലസ് റോഡ്*
*കോട്ടയം – 1*

**പ്രത്യേക ശ്രദ്ധയ്ക്ക്**

**പ്രതിച്ഛായ ഓണപ്പതിപ്പ്, ഓർഡർ തന്നവർക്കും പണം അടച്ചവർക്കും ആശംസകളും പരസ്യങ്ങളും തന്നവർക്കും സെപ്റ്റംബർ 10,11 തീയതികളിൽ തപാൽ വഴി അയയ്ക്കുന്നതാണ്. കോപ്പി നഷ്ടപ്പെടാതെ കൈപ്പറ്റാൻ പ്രത്യേകം ശ്രദ്ധിക്കണം.**

# കാർഷികമേഖലയ്ക്ക് പ്രഹരമേല്പിക്കുന്ന കരാർ പുന:പരിശോധിക്കണം

**കെ.എം.മാണി**

**കേ**രളത്തിന്റെ കാർഷികമേഖലയ്ക്കു കനത്ത പ്രഹരമേല്പിക്കുന്ന ആസിയാൻ കരാർ പുന:പരിശോധിക്കുക തന്നെ വേണമെന്ന് കേരളാ കോൺഗ്രസ് ലീഡർ കെ.എം.മാണി ആവശ്യപ്പെട്ടു. കാർഷിക മേഖലയ്ക്ക് ഇതുമൂലം സംഭവിക്കുന്ന നഷ്ടം നികത്താമെന്ന് പ്രധാനമന്ത്രി മൻമോഹൻ സിംഗ് ഉറപ്പുനല്കണമെന്നും കെ.എം.മാണി പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

കരാർ മൂലം കേരളത്തിൽ കാർഷികോത്പന്നങ്ങൾക്കുണ്ടാകുന്ന വിലയിടിവ് ശാസ്ത്രീയമായി വിലയിരുത്തണം. ഇതനുസരിച്ചുള്ള നഷ്ടം കാർഷിക സബ്സിഡി മുഖേനയോ കാർഷിക പദ്ധതികൾ മുഖേനയോ കേന്ദ്രം നികത്തണം.

നാണ്യവിളകൾ പ്രത്യേക ലിസ്റ്റിൽ ഉൾപ്പെടുത്തി സംരക്ഷിക്കുമെന്ന വാദം പൂർണമായും ശരിയല്ല. കരാർ പ്രകാരം 2019-ഓടെ എല്ലാ ഉത്പന്നങ്ങൾക്കും ഇറക്കുമതി ചുങ്കം കുറച്ചേ തീരൂ. കാപ്പി, ചായ എന്നിവയുടെ ഇറക്കുമതിച്ചുങ്കം നൂറുശതമാനത്തിൽ നിന്ന് 45 ശതമാനമാകും. കുരുമുളകിന്റെ തീരുവ 70 ശതമാനത്തിൽ നിന്ന് 50 ശതമാനമായും പാമോയിലിന്റേത് 37.5 ശതമാനമായും കുറയ്ക്കേണ്ടിവരും. ഇതെല്ലാം കർഷകരെ ദോഷകരമായി ബാധിക്കും.

കരാറിനെതിരെ സമ്മർദങ്ങളും നിരന്തര ഇടപെടലുകളും കേരളാ കോൺഗ്രസ് നടത്തും. കരാറിലെ ദൂഷ്യവശങ്ങൾ വിശദമാക്കുന്ന കുറിപ്പ് തയ്യാറാക്കി പ്രധാനമന്ത്രിക്കും കേന്ദ്രനേതാക്കൾക്കും സമർപ്പിക്കുമെന്നും കെ.എം.മാണി പറഞ്ഞു.

അടുത്ത ജനുവരി മുതലാണ് കരാർ പ്രാബല്യത്തിൽ വരിക. അതിനു മുമ്പ് ദോഷകരമായ വ്യവസ്ഥകൾ ഒഴിവാക്കാൻ സാധിക്കുമോ എന്ന കാര്യം കേന്ദ്രസർക്കാർ പരിഗണിക്കണമെന്നും കെ.എം.മാണി ആവശ്യപ്പെട്ടു.

CYAN MAGENTA YELLOW BLACK

നാട്ടുപെരുമ

ശശീന്ദ്രൻ കുണ്ടുവാറ

# ഗുരുവായൂർ ക്ഷേത്രത്തിലെ പ്രധാന വഴിപാടുകൾ

**കേരളത്തെ ലോകശ്രദ്ധയിലേക്കു കൊണ്ടുവരുന്ന ഒട്ടനവധി ചരിത്രസംഭവങ്ങളും സ്മാരകങ്ങളുമുണ്ട്. അവയിൽ മുൻപന്തിയിലുള്ളതാണ് ഗുരുവായൂർ ക്ഷേത്രം. ഭക്തിയുടെയും വിശ്വാസത്തിന്റെയും ഉത്തുംഗശൃംഖമായ ഇവിടേക്കുള്ള ഭക്തസഹസ്രങ്ങളുടെ പ്രവാഹം അനുസ്യൂതം ഏറിവരികയാണ്. ഗുരുവായൂർ ക്ഷേത്രവിശേഷങ്ങളുടെ രണ്ടാമത്തെയും അവസാനത്തെയും ഭാഗം.**

ഗുരുവായൂർ ക്ഷേത്രത്തിലെ പ്രധാന മാസം മേടമാസത്തിലെ കറുത്ത വാവ് കഴിഞ്ഞ് പ്രഥമ മുതലുള്ള ഒരു മാസമാണ്. ഇക്കാലയളവിൽ ക്ഷേത്രത്തിൽ ധാരാളം പേർ തൊഴുത് ദർശനത്തിനും ഭജനത്തിനുമായി എത്താറുണ്ട്. ഭജനമിരിക്കുന്നവർ രാവിലെ മൂന്നിന് നിർമാല്യം മുതൽ വൈകീട്ട് അത്താഴപൂജ വരെയുള്ള 12 പൂജകളിലും പങ്കെടുക്കുകയും ആദ്യം ഭഗവാന്റെ തീർത്ഥവും പിന്നീട് ദിവസം മുഴുവൻ പ്രസാദവും മാത്രം കഴിച്ച് ക്ഷേത്രത്തിൽത്തന്നെ കൂടണം. ശേഷം ഭഗവതി ക്ഷേത്രത്തിലെ അഴൽ തൊഴുത് ശ്രീഗുരുവായൂരപ്പന്റെ മുൻവശത്തുവന്ന് നമസ്ക്കരിക്കുകയും ചുറ്റുപാടുമുള്ള ക്ഷേത്രങ്ങളിൽ ദർശനം നടത്തുകയും വേണം.

## ഉദയാസ്തമയപൂജ

ഗുരുവായൂർ ക്ഷേത്രത്തിലെ ഏറ്റവും വലിയ മറ്റൊരു വഴിപാടാണ് ഉദയാസ്തമയ പൂജ. ഞായറാഴ്ചകളും വിശേഷ ദിവസങ്ങളും ഒഴികെയുള്ള ദിവസങ്ങളിൽ ഈ പൂജ നടത്തപ്പെടുന്നു. നിത്യപൂജകൾ കൂടാതെ ഇതിന് ഒരുപാട് ചടങ്ങുകൾ ഉണ്ട്. അൻപതിനായിരം രൂപ ഇതിന് വേണ്ടിവരും. ഇപ്പോൾത്തന്നെ 2050 വരെയുള്ള ബുക്കിംഗ് കഴിഞ്ഞിരിക്കുന്നു.

## തുലാഭാരം



നട തുറന്നിരിക്കുന്ന സമയത്ത് നമുക്കിഷ്ടപ്പെട്ടതെന്തും ഭഗവാന് നമ്മുടെയത്രയും തൂക്കത്തിൽ സമർപ്പിക്കുന്ന പ്രധാന വഴിപാടാണ് തുലാഭാരം. അവനവന്റെ ദേഹത്തിനുവേണ്ടിയുള്ള ഈ വഴിപാടിൽ വെള്ളം മുതൽ സ്വർണംവരെ എന്തുമാകാം. ചിലത് ക്ഷേത്രത്തിന് പുറത്തുവെച്ചും നടത്തുന്നു. അന്യമതസ്ഥർക്ക് ക്ഷേത്രത്തിന് പുറത്ത് തുലാഭാരം നടത്താവുന്നതാണ്.

ശ്വാസംമുട്ടിന് കയർ, ആയുസ്സിന് എള്ള്, പനിക്കു വെള്ളം, ത്വക് രോഗത്തിനു ചേന എന്നിങ്ങനെ എന്തും ഭഗവാന് സമർപ്പിക്കാം. മുൻകൂട്ടി രശീതു വാങ്ങേണ്ടതില്ല.

ഭഗവാന് ഏറ്റവുമിഷ്ടം കുട്ടികളെയാണെന്ന വിശ്വാസത്തിൽ മിക്കവരും കുട്ടികൾക്ക് ഭഗവത്സന്നിധിയിൽ ചോറൂണ് നടത്തിവരുന്നു. രാവിലെ 5ന് ശേഷവും രാത്രി 8ന് ശേഷവുമാണ് ചോറൂണ് നടത്തുക. മുൻകൂട്ടി കൗണ്ടറിൽ നിന്ന് രശീതെടുക്കണം. കിഴക്കെ നടയിൽ വെച്ച് നാല് കറി, വറവ്, പഴം, പപ്പടം, നെയ്പ്പായസം എന്നിവയെല്ലാം അന്നത്തോടൊപ്പം നല്കുന്നു.

## ശയനപ്രദക്ഷിണം

ക്ഷേത്രത്തിലെ മറ്റൊരു പ്രധാന വഴിപാട് ശയനപ്രദക്ഷിണമാണ്. പ്രായശ്ചിത്തമാണ് ഇതിന്റെ പൊരുൾ. ഒരുപാട് പുണ്യാത്മാക്കളുടെ പാദസ്പർശമേറ്റ ഭൂമിയിൽ ഉരുളുന്നതോടുകൂടി ശരീരത്തിന് പുതിയ ഊർജവും ഓജസ്സും കൈവരുന്നു. സ്ത്രീകൾ ഒറ്റയടി പ്രദക്ഷിണം മാത്രമേ നടത്തിവരാറുള്ളൂ.

## ഇല്ലംനിറ

ഗുരുവായൂർ ക്ഷേത്രത്തിലെ ആണ്ടുവിശേഷങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് ഇല്ലംനിറ. അഴീക്കൽ-മനയം കുടുംബക്കാർ എത്തിക്കുന്ന പുതിയ കതിർക്കറ്റകൾ ദീപങ്ങളുടെയും വാദ്യഘോഷങ്ങളുടെയും അകമ്പടിയോടുകൂടി കീഴ്ശാന്തിമാർ ക്ഷേത്രം പ്രദക്ഷിണംവച്ച് നമസ്ക്കാര മണ്ഡപത്തിൽ എത്തിക്കുന്നു. ലക്ഷ്മീപൂജയ്ക്കു ശേഷം ശ്രീകോവിലിനുള്ളിലും ഉപദേവ ക്ഷേത്രങ്ങളിലും തിടപ്പള്ളിയിലും വച്ചതിനു ശേഷം ഭക്തജനങ്ങൾക്ക് വിതരണം ചെയ്യുന്നു. ഇവ വീട്ടിൽ സൂക്ഷിച്ചാൽ ധന, ധാന്യങ്ങളുടെ സമൃദ്ധിക്കിടയാക്കും എന്ന് പ്രമാണം.

## കളഭാട്ടം

മണ്ഡലകാലാവസാനത്തിൽ സാമൂതിരിപ്പാടിന്റെ വകയായി വലിയ സ്വർണക്കുടത്തിൽ പ്രത്യേകം തയ്യാറാക്കിയ കളഭം, കലശപൂജയ്ക്കുശേഷം, ക്ഷേത്രം തന്ത്രി ഉച്ചപൂജയ്ക്കുമുമ്പ് അഭിഷേകം ചെയ്യുന്നതാണ് കളഭാട്ടം. ഭഗവാൻ പിറ്റേ ദിവസത്തെ നിർമാല്യദർശനം വരെ കളഭത്തിൽ ആറാടി നില്ക്കുന്നു. മറ്റുദിവസങ്ങളിൽ കളഭച്ചാർത്തു മാത്രമേ നടത്താറുള്ളൂ.

## പുത്തരിനിവേദ്യം

പുതുതായി കൊയ്യുന്ന നെല്ല് കുത്തരിയാക്കി നല്ലദിവസത്തിലും മുഹൂർത്തത്തിലും ഈ അരികൊണ്ട് നിവേദ്യങ്ങളുണ്ടാക്കി നിവേദിക്കുന്നതാണ് പുത്തരിനിവേദ്യം. പുതിയ അരി മണിക്കിണറിനരികിൽ ഗണപതിക്ക് നിവേദിച്ചതിനുശേഷം അരിയളക്കൽ ചടങ്ങ് നടക്കുന്നു. ഈ അരികൊണ്ട് ഇടിച്ചുപിഴിഞ്ഞ പായസമുണ്ടാക്കി സാധാരണ പുജയ്ക്കുള്ള വിഭവങ്ങൾക്കു പുറമെ അപ്പം, പഴം നുറുക്ക്, ഉപ്പുമാങ്ങ, ഇലക്കറികൾ എന്നിവയടക്കം തന്ത്രി നമ്പൂതിരിപ്പാട് ഉച്ചപൂജ നിർവ്വഹിക്കുന്നു. പുത്തരിപ്പായസം രശീതിപ്രകാരം കൊടുക്കുന്നതാണ്.

❖

## ആനയോട്ടം



ഗുരുവായൂർ ക്ഷേത്രത്തിൽ ആദ്യകാലങ്ങളിൽ സ്വന്തമായി ആനകൾ ഉണ്ടായിരുന്നില്ല. ഉത്സവത്തിന് ആനകളെ പാട്ടത്തിന് എടുക്കുകയായിരുന്നു പതിവ്. പലപ്പോഴും ആനകൾ കൃത്യസമയത്ത് എത്താതെ ആനയില്ലാതെ ശീവേലി നടന്നുവന്നിരുന്നു. ഇക്കാലയളവിൽ ഒരുദിവസം തൃക്കണാമതിലകം ക്ഷേത്രത്തിൽ നിന്ന് ഉത്സവത്തിന് എത്തിയ ആനകൾ ഓടി ഗുരുവായൂരിൽ എത്തി എന്ന് പറയപ്പെടുന്നു. ഈ സംഭവത്തിന്റെ ഓർമ പുതുക്കലാണ് ഗുരുവായൂർ ആനയോട്ടം.

കിഴക്കെ നടയിലെ മഞ്ജുളാൽ പരിസരത്തുനിന്നും ഓട്ടം തുടങ്ങുന്ന ആനകളിൽ ആദ്യം എത്തുന്ന അഞ്ച് ആനകളെ ക്ഷേത്രം ഏഴ് വലംവെച്ച് ഓടുവാൻ അനുവദിക്കുന്നു. ആദ്യം എത്തുന്ന ആനയെ വിജയിയായി പ്രഖ്യാപിക്കുന്നു.

ഉത്സവത്തിലെ ഏറ്റവും താന്ത്രികപ്രധാനമായ ചടങ്ങാണ് ഉത്സവബലി. ഭഗവാന്റെ ഭൂതഗണങ്ങളെ എല്ലാവരെയും ആദരിച്ച് ബലികൊടുക്കുന്ന പ്രധാന ചടങ്ങ്. ഭഗവാൻ ഇതുകാണാൻ പുറത്തെഴുന്നള്ളി ഇരിക്കുമെന്നും സകല ദേവഗണങ്ങളും ഭഗവാനെ ദർശിക്കുവാൻ എത്തുമെന്നും കരുതപ്പെടുന്നു. സകല ജീവജാലങ്ങൾക്കും (പക്ഷിമൃഗാദികൾക്കു പോലും) അന്നം കൊടുക്കുന്നു. അവസാനദിവസത്തെ പ്രധാനചടങ്ങായ ആറാട്ടോടുകൂടി ഉത്സവം അവസാനിക്കുന്നു.

ഗുരുവായൂർ ക്ഷേത്രത്തിലെ നിത്യപൂജാദി ചടങ്ങുകൾ വളരെ ബൃഹത്തും മറ്റുള്ളവയിൽ നിന്ന് വ്യത്യസ്തവുമാണ്. നിവേദ്യങ്ങളും മറ്റു ക്ഷേത്രങ്ങളിൽ നിന്ന് ഒരുപാട് വ്യത്യസ്തമാണ്.

കേരള ഗവൺമെണ്ട് നോമിനേറ്റ് ചെയ്യുന്ന ഒരു സമിതിയാണ് ഗുരുവായൂർ ക്ഷേത്രഭരണം നിയന്ത്രിക്കുന്നത്. സാമൂതിരി, മല്ലിശ്ശേരി നമ്പൂതിരി, ക്ഷേത്രം തന്ത്രി എന്നിവർ ഈ സമിതിയിൽ സ്ഥിരാംഗങ്ങളാണ്. ഗവൺമെണ്ട് നിയമിക്കുന്ന അഡ്മിനിസ്ട്രേറ്ററാണ് സമിതിയുടെ സെക്രട്ടറി.

ശ്രീകൃഷ്ണ കോളജ്, രണ്ട് ഹൈസ്കൂളുകൾ, ഒരു നഴ്സറി സ്കൂൾ, കൃഷ്ണനാട്ട പരിശീലന കളരി, മ്യൂറൽ പെയിന്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, സൗജന്യ ചികിത്സ നല്കുന്ന ആശുപത്രി, മ്യൂസിയം, ലൈബ്രറി, പുസ്തകശാലകൾ, പുന്നത്തൂർ ആനക്കോട്ട, മലപ്പുറം ജില്ലയിൽ വേങ്ങാട് എന്ന സ്ഥലത്ത് പശുക്കൾക്കുള്ള ഒരു പരിപാലനകേന്ദ്രം എന്നിങ്ങനെ വിവിധ സ്ഥാപനങ്ങൾ ദേവസ്വത്തിനു കീഴിലുണ്ട്.



*ഇല്ലം നിറയ്ക്കായുള്ള കതിർക്കറ്റകളുമായി ഗുരുവായൂർ ക്ഷേത്രത്തിന് വലംവയ്ക്കുന്ന കീഴ്ശാന്തിമാർ*

രാഷ്ട്രീയകേരളം

സാബു ജോൺ

# ഭരണം തീരാറായപ്പോൾ ഭരിക്കാൻ നയരേഖ

**കേരളത്തിൽ ഇടതുമുന്നണി സർക്കാർ അധികാരത്തിൽ വന്നിട്ട് മൂന്നു വർഷവും മൂന്നു മാസവും കഴിഞ്ഞിരിക്കുന്നു. കൃത്യമായി പറഞ്ഞാൽ ഇനി ഈ സർക്കാരിന് അവശേഷിക്കുന്നത് ഇരുപതു മാസം മാത്രമാണ്. അതിനിടയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പു നടക്കാനുണ്ട്. കുറഞ്ഞത് രണ്ടു മാസത്തേക്കെങ്കിലും ഭരണം നിശ്ചലമാകുമെന്നുറപ്പ്.**

ഭരണം മെച്ചപ്പെടുത്താൻ സിപിഎം ഒരു നയരേഖയ്ക്കു രൂപംകൊടുത്തിരിക്കുന്നു. ഇനി ഇത് എൽഡിഎഫിൽ ചർച്ച ചെയ്ത് മന്ത്രിസഭയിലെത്തിച്ച് ഭരണനടപടികളാക്കി മാറ്റണം.

സിപിഎമ്മിന്റെ സംസ്ഥാന സെക്രട്ടേറിയറ്റും സംസ്ഥാന കമ്മിറ്റിയും വിശദമായ ചർച്ചകൾ നടത്തിയ ശേഷമാണ് നയരേഖയ്ക്കു രൂപം നല്കിയിരിക്കുന്നത്. ദേശീയ സെക്രട്ടറിയുടെ സാന്നിധ്യം ചർച്ചയിലുണ്ടായിരുന്നു എന്നു പറയുമ്പോൾ പാർട്ടി ഇതിന് എത്രമാത്രം പ്രാധാന്യം കൊടുക്കുന്നു എന്നു വ്യക്തമാണ്.

ഭരണം ശരിയായ പാതയിലൂടെയാണോ മുന്നോട്ടു പോകുന്നതെന്ന് ഇടയ്ക്കിടെ വിലയിരുത്തൽ നടത്തുന്നത് നല്ല കാര്യമാണ്. സ്വയം വിമർശനപരമായി കാര്യങ്ങൾ പരിശോധിച്ച് തെറ്റുകളുണ്ടെങ്കിൽ തിരുത്തി മുന്നോട്ടു പോകുന്നത് ഏതു സംവിധാനവും കൂടുതൽ കാര്യക്ഷമമാകാൻ സഹായിക്കും.

എന്നാൽ ഇവിടെ കാര്യങ്ങൾ കുറച്ചു കൂടി വ്യത്യസ്തമായി കാണേണ്ടിയിരിക്കുന്നു. കേരളത്തിൽ ഇടതു മുന്നണി സർക്കാർ അധികാരത്തിൽ വന്നിട്ട് മൂന്നു വർഷവും മൂന്നു മാസവും കഴിഞ്ഞിരിക്കുന്നു. കൃത്യമായി പറഞ്ഞാൽ ഇനി ഈ സർക്കാരിന് അവശേഷിക്കുന്നത് ഇരുപതു മാസം മാത്രമാണ്. അതിനിടയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പു നടക്കാനുണ്ട്. കുറഞ്ഞത് രണ്ടു മാസത്തേക്കെങ്കിലും ഭരണം നിശ്ചലമാകുമെന്നുറപ്പ്. നിയമസഭാ തെരഞ്ഞെടുപ്പു നടക്കേണ്ടത് 2011 ലാണ്. ആ വർഷം ഈ സർക്കാരിന്റെ കാലാവധിയിൽ കാര്യമായ ഭരണനടപടികളൊന്നും പ്രതീക്ഷിക്കേണ്ട. കാരണം എല്ലാവരുടെയും ശ്രദ്ധ വരാനിരിക്കുന്ന തെരഞ്ഞെടുപ്പിലാകും. ചുരുക്കത്തിൽ വി.എസ് സർക്കാരിന് ഇനി ഭരണം നടത്താൻ കിട്ടാൻ പോകുന്നത് അടുത്ത പഞ്ചായത്ത് തെരഞ്ഞെടുപ്പിനു മുമ്പ് ഒരു വർഷത്തിൽ താഴെ സമയം മാത്രം.

പുതിയ നയരേഖയുമായി വരുമ്പോൾ കഴിഞ്ഞ മൂന്നു വർഷത്തെ ഭരണം അമ്പേ പരാജയമായിരുന്നു എന്ന കുറ്റസമ്മതം കൂടിയാണ് സിപിഎം നടത്തുന്നത്. ഇക്കാര്യം അവരൊഴികെ കേരളത്തിലെ കൊച്ചുകുട്ടിക്കു പോലും എത്രയോ നാൾ മുമ്പേ അറിയാമായിരുന്നു എന്നതു വേറെ കാര്യം. വ്യവസായങ്ങൾക്ക് ഏകജാലക സംവിധാനത്തിലൂടെ പോലെ അനുമതി നല്കുന്നതിനായി മുഖ്യമന്ത്രി അധ്യക്ഷനായി ക്ലിയറൻസ് സെല്ലിന് രൂപം കൊടുക്കാനുള്ള തീരുമാനമാണ് കൈക്കൊണ്ടിരിക്കുന്നത്. മുഖ്യമന്ത്രിയുടെ അനുമതി കാത്ത് കോടിക്കണക്കിനു രൂപയുടെ വ്യവസായങ്ങൾക്കുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്നുവെന്ന് ആരോപണം ഉന്നയിച്ചത് പാർട്ടി തന്നെയാണ്. അതിനെല്ലാമുള്ള പരിഹാരമാണ് ഇപ്പോൾ മുഖ്യമന്ത്രിയും വ്യവസായമന്ത്രിയുമെല്ലാം അംഗങ്ങളായുള്ള സമിതി രൂപീകരണം കൊണ്ടുദ്ദേശിക്കുന്നതത്രേ!

പാർട്ടിക്കുള്ളിലെ തർക്കങ്ങളുടെ പേരിൽ മൂന്നു വർഷം യഥാർത്ഥത്തിൽ കേരളത്തിൽ ഭരണം നടന്നിട്ടില്ല. ഇപ്പോൾ അവർ അത് പരസ്യമായി സമ്മതിക്കുകയും ചെയ്തിരിക്കുന്നു. ഇതിന്റെ പേരിൽ കേരളത്തിലെ ജനങ്ങളോടു മാപ്പു പറയുകയാണ് സിപിഎം ആദ്യം ചെയ്യേണ്ടത്. ഇടക്കാല തെരഞ്ഞെടുപ്പുകളോ മറ്റ് തടസ്സങ്ങളോ ഇല്ലാതെ ഭരിക്കാമായിരുന്ന കാലയളവാണ് വെറുതേ പാഴാക്കി കളഞ്ഞത്. അതിന് ഇവിടത്തെ സാധാരണക്കാർ ഉത്തരവാദികളല്ല.

മൂന്നു വർഷത്തെ അനുഭവത്തിന്റെ പശ്ചാത്തലത്തിൽ, ഭരണം കാര്യക്ഷമമാക്കുവാൻ എന്ന പേരിലുള്ള നയരൂപീകരണം എന്ന സിപിഎമ്മിന്റെ ഈ ചെപ്പടിവിദ്യയിൽ പ്രതീക്ഷയർപ്പിക്കാൻ സാധിക്കുന്നില്ല. ഇനി കാര്യമായ സമയം അവശേഷിക്കുന്നില്ലെന്നുള്ളതു പ്രധാന പ്രശ്നം. ഇപ്പോഴും പാർട്ടിക്കുള്ളിൽ പ്രശ്നങ്ങൾ അവശേഷിക്കുന്നു എന്നത് മറ്റൊരു യാഥാർത്ഥ്യവും.

നായനാർ സർക്കാരിന്റെ കാലത്ത് ഭരണം ഏതാണ്ടു മൂന്നു വർഷം പിന്നിട്ടപ്പോൾ ഇതുപോലൊരു ചർച്ചയും ചില നടപടികളും വന്നതു മറന്നിട്ടില്ല. കേരളത്തിലെ പാവപ്പെട്ട എല്ലാ ഭവനരഹിതർക്കും വീടു നിർമിച്ചു നല്കുന്ന പദ്ധതിയാണ് അന്ന് മുഖം മിനുക്കൽ നടപടികളുടെ ഭാഗമായി പ്രധാനമായി പ്രഖ്യാപിച്ചത്. എന്നാൽ സർക്കാർ കാലാവധി പൂർത്തിയാക്കിയപ്പോൾ ഭവനരഹിതർ അങ്ങനെ തന്നെ തുടർന്നു. പാവപ്പെട്ടവരുടെ ചെറിയ ആനുകൂല്യങ്ങൾ പോലും വിതരണം ചെയ്യാൻ പണമില്ലാതെ ട്രഷറി പൂട്ടിക്കിടന്നതു ചരിത്രം.

ഇതിനിടെ, തെരഞ്ഞെടുപ്പു കാലത്തു ചെയ്ത തെറ്റുകളൊന്നും ഇനി ആവർത്തിക്കില്ലെന്നു പിണറായി വിജയൻ പ്രസംഗിച്ചു കണ്ടു. തെരഞ്ഞെടുപ്പു കാലത്ത് ഏതു തെറ്റാണു ചെയ്തതെന്ന് ഇതുവരെ പറഞ്ഞിട്ടില്ല. അതുകൊണ്ടു തന്നെ ഇനി ആവർത്തിക്കില്ലെന്നു പറഞ്ഞത് ഏതു തെറ്റാണെന്ന് തിരിച്ചറിയാൻ കഴിയുന്നില്ല. ഏതായാലും ചെയ്തതിൽ ചിലതെങ്കിലും തെറ്റിപ്പോയി എന്നു തിരിച്ചറിഞ്ഞത് നല്ല കാര്യം. പക്ഷേ ആ തിരിച്ചറിവുണ്ടാകാൻ കുറേ സമയം വേണ്ടി വന്നു എന്നുള്ളതാണു പ്രശ്നം. സിപിഎമ്മിനുണ്ടായ നഷ്ടം തിരിച്ചു പിടിക്കാൻ സാധിക്കുമായിരിക്കും. എന്നാൽ കേരളത്തിന് ഈ കാലയളവിൽ നഷ്ടമായതൊന്നും തിരിച്ചു പിടിക്കാൻ പറ്റുന്നതല്ലല്ലോ പിണറായി!

## ഒടുവിൽ വി.എസിനും പറയാൻ ഒരു നേട്ടം

സമീപകാല സിപിഎം രാഷ്ട്രീയത്തിൽ വി.എസ്.അച്യുതാനന്ദനു പറയാൻ നഷ്ടങ്ങളുടെ കഥകളേയുള്ളു. ആഗ്രഹിച്ചതും വാദിച്ചതുമൊന്നും കിട്ടിയില്ല. പാർട്ടിയിലെ പോളിറ്റ് ബ്യൂറോ അംഗത്വം നഷ്ടമാകുകയും ചെയ്തു. അപേക്ഷ തന്നാൽ പോളിറ്റ് ബ്യൂറോയിൽ തിരിച്ചെടുക്കുന്ന കാര്യം പരിഗണിക്കാമെന്ന് പാലൊളി മുഹമ്മദുകുട്ടി പറയുന്നതു വരെ കേട്ടിരിക്കേണ്ടി വരുന്ന സ്ഥിതിയായി.

എന്നാൽ വിശ്വാസം നഷ്ടപ്പെട്ട പ്രൈവറ്റ് സെക്രട്ടറിയെ മാറ്റുന്നതിൽ വി.എസ് ഒടുവിൽ വിജയിച്ചിരിക്കുകയാണ്. അതും പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റ് ഈയാവശ്യം നിരസിച്ച ശേഷവും. അക്കാര്യം പ്രകാശ് കാരാട്ടിനെക്കൊണ്ട് നടത്തിയെടുക്കുന്നതിൽ വിഎസ് വിജയിച്ചു.

മറ്റൊരു തരത്തിൽ നോക്കിയാൽ വിഎസിന്റേത് വലിയ വിജയമാണെന്നു പറയാൻ സാധിക്കില്ല. കാരണം പാർട്ടി സെക്രട്ടറിയെ മാറ്റണമെന്നായിരുന്നു വിഎസിന്റെ ആവശ്യം. പാർട്ടി സെക്രട്ടറിയെ മാറ്റാനായില്ലെങ്കിലും പ്രൈവറ്റ് സെക്രട്ടറിയെ എങ്കിലും മാറ്റാൻ സാധിച്ചു എന്ന് ഇനി വിഎസിന് ആശ്വസിക്കാമെന്നു മാത്രം! ✖

## ബംഗാളിൽ ഒരു വഴി, കേരളത്തിൽ മറ്റൊരു വഴി

തെരഞ്ഞെടുപ്പു തോല്വിക്കു ശേഷം ബംഗാളിൽ സിപിഎം വിശാലമായ മുഖം മിനുക്കൽ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. മന്ത്രിമാരുടെ വകുപ്പുകളിൽ അവിടെ കാര്യമായ അഴിച്ചുപണി നടന്നു. വ്യവസായവത്കരണ നടപടികളിൽ ഇനിയങ്ങോട്ട് വലിയ ആവേശം കാണിക്കേണ്ടെന്നാണ് അവിടെ പാർട്ടി തീരുമാനിച്ചത്.

എന്നാൽ കേരളത്തിൽ വ്യവസായങ്ങൾ കൊണ്ടു വരുന്നതിൽ കൂടുതൽ ശ്രദ്ധ കാട്ടണമെന്നാണ് തീരുമാനം. സ്മാർട് സിറ്റിയും വിഴിഞ്ഞം തുറമുഖവും യാഥാർത്ഥ്യമാക്കാൻ തീവ്രശ്രമം നടത്തണമെന്നാണ് നിർദേശം. ഏതായാലും കുറ്റം പറയാൻ പറ്റാത്ത തീരുമാനമാണിതൊക്കെ. എന്തു ചെയ്യാൻ കഴിയുമെന്നാണ് ചോദ്യം.

മന്ത്രിമാരുടെ വകുപ്പുകളിൽ ഇവിടെ കാര്യമായ മാറ്റം വരുത്തിയിട്ടില്ല. ഒരു മന്ത്രിയെ കൂടി കൂടുതലായി ഉൾപ്പെടുത്തി മന്ത്രിസഭയുടെ വലുപ്പം കൂട്ടുകയാണു ചെയ്തിരിക്കുന്നത്. മുമ്പ് യുഡിഎഫ് സർക്കാരിനെ എന്തിന്റെ പേരിലെല്ലാം കുറ്റം പറഞ്ഞോ, അതെല്ലാം ഈ ഭരണത്തിൽ ചെയ്തു കാണിക്കണമെന്നായിരിക്കും തീരുമാനം.

# അറിയേണ്ടും കാര്യങ്ങൾ

### അശാസ്ത്രീയ ജലവിനിയോഗം

## ഏഷ്യൻ രാജ്യങ്ങൾ ഭക്ഷ്യ ദൗർലഭ്യ ഭീഷണിയിൽ!



ജലസ്രോതസ്സുകളുടെ അശാസ്ത്രീയ ചൂഷണം മൂലം ഏഷ്യൻ രാജ്യങ്ങളിൽ ജലക്ഷാമം രൂക്ഷമാകുമെന്നും അതുവഴി ഭക്ഷ്യോത്പാദനത്തിൽ അനിയന്ത്രിതമായ ഇടിവുണ്ടാകുമെന്നും അന്താരാഷ്ട്ര വിദഗ്ധർ മുന്നറിയിപ്പു നല്കുന്നു. ഏറ്റവും ഒടുവിൽ ഭീതിദമായ ഈ പ്രശ്നം ചൂണ്ടിക്കാട്ടിയത് ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ സ്വീഡനിൽ നടന്ന ജലവിദഗ്ധരുടെ ആഗോളസമ്മേളനമാണ്. ഐക്യരാഷ്ട്രസഭയുടെ ഭക്ഷ്യ-കൃഷി സംഘടനയും ഇന്റർനാഷണൽ വാട്ടർ മാനേജുമെണ്ട് ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായി തയ്യാറാക്കിയ പഠനറിപ്പോർട്ടിലും ഇതേ മുന്നറിയിപ്പ് നല്കിയിരുന്നു.

ഏഷ്യയിലെ ഒട്ടുമിക്ക രാജ്യങ്ങളും കാർഷികമേഖലയിലെയും മറ്റും ജലസേചന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി വൻതുകകൾ ചെലവഴിക്കുന്നുണ്ട്. ജനസംഖ്യാ വർധനവു മൂലം ഭക്ഷ്യവസ്തുക്കൾക്കുണ്ടാകുന്ന വർധിച്ച ആവശ്യത്തെ നിറവേറ്റുന്നതിനായി ഭക്ഷ്യോത്പാദനം വർധിപ്പിക്കുക എന്നതും ഇതിന്റെ ലക്ഷ്യമാണ്. എന്നാൽ ജല വിതരണത്തിലെ അശാസ്ത്രീയതയും ആഗോളതാപനവും പ്രകൃതിക്ഷോഭങ്ങളും ഇത്തരം പ്രവർത്തനങ്ങൾ നിഷ്ഫലമാക്കുന്നു.

അടുത്ത നാല്പതു വർഷങ്ങൾക്കുള്ളിൽ ഏഷ്യയിലെ ജനസംഖ്യയിൽ നൂറ്റിയൻപത് കോടിയുടെ വർധന ഉണ്ടാകുമെന്നാണ് വിലയിരുത്തൽ. അപ്പോൾ കാര്യങ്ങൾ കൂടുതൽ സങ്കീർണമാകും. ആവശ്യമായതിന്റെ നാലിലൊന്നിൽ കൂടുതൽ അരിയും മറ്റു ഭക്ഷ്യവസ്തുക്കളും ഇറക്കുമതി ചെയ്യേണ്ട അവസ്ഥയിലെത്തും. 2050 ഓടുകൂടി ഏഷ്യയുടെ ഭക്ഷ്യാവശ്യം ഇപ്പോൾ ഉള്ളതിന്റെ ഇരട്ടിയാകുമെന്നും റിപ്പോർട്ടു വിലയിരുത്തുന്നു.

## ജപ്പാൻ സമ്പത്തിൽ മുന്നിൽ സ്ത്രീസ്വാതന്ത്ര്യത്തിൽ പിന്നിൽ!



ലോകത്തെ രണ്ടാമത്തെ സാമ്പത്തിക ശക്തിയായ ജപ്പാനിൽ സ്ത്രീസ്വാതന്ത്ര്യവും പുരുഷനോടൊപ്പമുള്ള തുല്യതയും ഇന്നും പിന്നോക്കം നില്ക്കുന്നതായി ഐക്യരാഷ്ട്രസഭാ കുറ്റപ്പെടുത്തൽ.

വിവാഹം സംബന്ധിച്ച് സ്ത്രീക്കും പുരുഷനും തുല്യമല്ലാത്ത നിയമവ്യവസ്ഥകൾ, തൊഴിൽമേഖലയിലെ പ്രതിഫലവ്യത്യാസം, നിയമനിർമാണസഭകളിലുൾപ്പെടെയുള്ള സ്ത്രീകളുടെ കുറഞ്ഞ പ്രാതിനിധ്യം തുടങ്ങിയവ ചൂണ്ടിക്കാട്ടുന്ന റിപ്പോർട്ടിൽ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ രാജ്യത്ത് കാര്യക്ഷമമല്ലെന്നും പറയുന്നു. ഐക്യരാഷ്ട്രസഭ പ്രസിദ്ധീകരിച്ച ലിംഗപരമായ വേർതിരിവുകൾ നിലനില്ക്കുന്ന ലോകരാജ്യങ്ങളുടെ പട്ടികയിൽ 54-ാമതാണ് ജപ്പാൻ.